I ഇ.ബി. XIII-കേരള നിയമസഭ/XII-6

# പതിമൂന്നാം കേരള നിയസഭ

പന്ത്രണ്ടാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ഡിസംബർ 8, തിങ്കൾ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## അടിയന്തരപ്രമേയം

**കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി**

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാന പൊതുമേഖലാ സ്ഥാപനവും അവശ്യസർവ്വീസുമായ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ പുതിയ ബസ്സുകളിറക്കിയും കട്ടപ്പുറത്തുള്ള ബസ്സുകൾക്ക് സ്പെയർപാർട്സ് ലഭ്യമാക്കി സർവ്വീസ് നടത്തിയും ദേശസാൽക്കരിച്ച റൂട്ടുകൾ സംരക്ഷിച്ചും വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾക്കും

പുനരുദ്ധാരണത്തിനും സർക്കാർ അടിയന്തരമായി ഇടപെടേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എളമരം കരീം, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജീവനക്കാരുടെ മുടങ്ങിക്കിടന്നിരുന്ന ശമ്പള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. സെപ്റ്റംബർ മാസത്തെ പെൻഷൻ തുക രണ്ട് ഗഡുക്കളായി കൊടുത്തുകഴിഞ്ഞു. പെൻഷനും ശമ്പളവും നൽകുന്ന തീയതികളിലുള്ള വ്യത്യാസംമൂലമുണ്ടായ കാലതാമസം പരിഹരിക്കുന്നതാണ്. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തമില്ലായ്മമൂലം കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. നിരത്തിലിറക്കുന്ന ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി നിലവിലുള്ള 5054 ബസ്സുകൾക്ക് പുറമെ 1900 ബസ്സുകൾകൂടി ഇറക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ ബാധിച്ചിരിക്കുന്ന സാമ്പത്തിക മാന്ദ്യം ഒരു ലക്ഷത്തോളം വരുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാൻ

കാരണമാകുന്നുണ്ട്. പ്രതിസന്ധിയിലായിരിക്കുന്ന കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിവിധ ഇനങ്ങളിലായി 1213.54 കോടി രൂപ സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. ട്രേഡ് യൂണിയനുകളുൾപ്പെടെയുള്ളവരുമായി ചർച്ച നടത്തി കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിന് എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

ശ്രീ. എളമരം കരീം: കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുമെന്നുള്ള മന്ത്രിയുടെ മറുപടിയെ സ്വാഗതം ചെയ്യുന്നു. ഇതിനായി സമഗ്ര പാക്കേജ് തയ്യാറാക്കുകയും പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്യണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. പുതിയ ബസ്സുകൾ നിരത്തിലിറക്കുമെന്ന് പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ അവയൊന്നും പ്രാവർത്തികമാക്കുന്നില്ല. മാനേജ്മെന്റിനെ പ്രൊഫഷണലൈസ് ചെയ്യുന്നതിനും ലാഭകരമായ റൂട്ടുകൾ കണ്ടുപിടിച്ച് സർവ്വീസ് നടത്തുന്നതിനും ഒരു നടപടിയും സ്വീകരിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള ഭൂമി പണയപ്പെടുത്തുന്ന പ്രവണത ശരിയല്ല. നിലവിലെ വായ്പകൾ ഒറ്റത്തവണ വ്യവസ്ഥപ്രകാരം തീർപ്പാക്കുന്നതിനും ഹഡ്കോയിൽ നിന്നോ മറ്റേതെങ്കിലും

സാമ്പത്തിക ഏജൻസികളിൽനിന്നോ കുറഞ്ഞ നിരക്കിൽ വായ്പയെടുത്ത് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. പുതിയ ബസ്സുകൾ വാങ്ങി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിക്കണം. സർചാർജ് ഏർപ്പെടുത്തിയത് യാത്രക്കാരുടെ എണ്ണം ചുരുങ്ങുന്നതിനും വരുമാനം കുറയുന്നതിനും കാരണമായിട്ടുണ്ട്. ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശങ്ക ദൂരീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുന്നതിനും ഈ വിഷയം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനും സർക്കാർ തയ്യാറാകണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജീവനക്കാരേയും സംഘടനകളേയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നിലപാട് സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കെ.റ്റി.ഡി.എഫ്.സി.യുമായിട്ടുള്ള 1500 കോടി രൂപയുടെ കടബാദ്ധ്യത റീസ്ട്രക്ച്ചർ ചെയ്യുന്നതിനും അതിന്റെ പലിശ നിരക്ക് കുറയ്ക്കുന്നതിനും സർക്കാർ പരിശ്രമിച്ചുവരുന്നു. ബസ് ചാർജ് കൂടിയതുകൊണ്ട് യാത്രക്കാരുടെ എണ്ണം കുറഞ്ഞുവെന്ന് പറയുന്നത് ശരിയല്ല. പൊതുമേഖലാ സ്ഥാപനങ്ങളുമായി ആലോചിച്ച് യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് അപകട ഇൻഷ്വറൻസും, പെൻഷൻ ബെനിഫിറ്റ്സും ക്ലബ്ബ് ചെയ്തുകൊണ്ടുള്ള നടപടികളാണ്

സർക്കാർ സ്വീകരിക്കുന്നത്. ഗ്യാരേജിലുണ്ടായിരുന്ന 200 ബസ്സുകൾ നിരത്തിലിറക്കുന്നതിനും ഘട്ടം ഘട്ടമായി 1900-ഓളം പുതിയ ബസ്സുകൾ വാങ്ങി നിരത്തിലിറക്കുന്നതിനും നോൺ ഓപ്പറേറ്റീവ് രംഗത്ത് കൊറിയർ സർവ്വീസ് ആരംഭിക്കുന്നതിനും ബസ് സ്റ്റാന്റുകളിൽ കോഫീ ഹൗസ് അടക്കമുള്ള അമിനീറ്റീസ് വർദ്ധിപ്പിക്കുന്നതിനും എല്ലാ പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എ.റ്റി.എം. സ്ഥാപിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. സർവ്വീസ് സംബന്ധമായി തൽസമയം വിവരങ്ങൾ നൽകുന്നതിന് പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കുന്നതാണ്. 1100 ഷെഡ്യൂളുകൾ പുന:ക്രമീകരിച്ച് ലാഭത്തിലോടിക്കുന്നതിനും വരുമാന ചോർച്ച ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മാനേജ്മെന്റ് പ്രൊഫഷണലുകളെ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-യെ പ്രൊഫഷണൽ മാനേജ്മെന്റ് ആക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ സബ്സിഡിയറി ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആരംഭിച്ച് 'ജനറം' ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് മാത്രമല്ല, മുൻകാലങ്ങളിലും കോർപ്പറേഷൻവക ഭൂമി പണയപ്പെടുത്തിയിട്ടുണ്ടെന്ന വസ്തുത

പ്രതിപക്ഷം വിസ്മരിക്കരുത്. കെ.ടി.ഡി.എഫ്.സി.-ക്ക് പലിശയിനത്തിൽ നൽകാനുള്ള തുക കൊടുത്തുതീർക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) വൈദ്യുതി ഉത്പാദന മേഖലയിൽ സമഗ്ര വികസന പദ്ധതികൾ

ശ്രീ. കെ. മുരളീധരൻ: സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന് സമഗ്രവും ഫലപ്രദവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. ഉൽപ്പാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ വൈദ്യുതിയാണ് സംസ്ഥാനം

ഉപയോഗിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ വൈദ്യുതോല്പാദന വളർച്ചാ നിരക്ക് കുറവാണ്. ഉദ്ദേശിച്ചിരുന്ന ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാത്തതുകൊണ്ടും വൈദ്യുതി ലൈൻ വലിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നതുകൊണ്ടും വൈദ്യുതി ലഭിക്കാത്ത സ്ഥിതിയുണ്ട്. ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ പദ്ധതി കേരളത്തിലും നടപ്പിലാക്കണം. പുതുതായി നിർമ്മിക്കുന്ന ഫ്ലാറ്റുകൾക്കും വൻകിട കെട്ടിടങ്ങൾക്കും സോളാർ പാനൽ സ്ഥാപിച്ചിരിക്കണമെന്ന് നിഷ്കർഷിക്കണം. കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് മറ്റ് സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാധ്യതകളെക്കുറിച്ച് ആരാഞ്ഞ് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനും അതിരപ്പിള്ളി പദ്ധതിക്ക് പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിനും ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): കേരളത്തിൽ ഊർജ്ജ പ്രതിസന്ധി നിലനിൽക്കുകയാണ്. സംസ്ഥാനത്തിന്റെ വൈദ്യുതോല്പാദനത്തിന് പുറമെ കേന്ദ്രഗവൺമെന്റിൽനിന്നും വൈദ്യുതി ലഭിച്ചിട്ടും കേരളത്തിൽ ഏകദേശം 900 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് വരുന്നുണ്ട്. ജലവൈദ്യുത പദ്ധതികളുടെ

ഉൽപ്പാദന സാധ്യതകൾ പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്നില്ല. നിർമ്മാണം നടന്നുവരുന്ന 13 വൈദ്യുത പദ്ധതികളിൽനിന്നും മറ്റ് ചെറുകിട പദ്ധതികളിൽനിന്നുമായി മൂന്ന് വർഷം കൊണ്ട് 536 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കായംകുളം, ബി.എസ്.ഇ.എസ്., ബ്രഹ്മപുരം വൈദ്യുത നിലയങ്ങളിൽ എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊച്ചിൻ റിഫൈനറിയിൽനിന്നുള്ള അനുബന്ധ ഉൽപ്പന്നമായ പെറ്റ് കോക്ക് ഉപയോഗിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള എൻ.എസ്.പി.സി.എൽ. കമ്പനിയുമായി എം.ഒ.യു. ഒപ്പ് വച്ചിരിക്കുകയാണ്. കെട്ടിടങ്ങളുടെ റൂഫ് ടോപ്പിൽ സോളാർ പാനൽ സ്ഥാപിച്ചുകൊണ്ടുള്ള വൈദ്യുതോൽപ്പാദനത്തിന് 92,000 രൂപ സബ്സിഡി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചിട്ടുണ്ട്. ചീമേനി

താപവൈദ്യുത നിലയത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ പരിസ്ഥിതി പ്രശ്നങ്ങളില്ലാത്ത വിധം കൽക്കരി ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കുന്നതാണ്. ലോഡ് ഷെഡ്ഡിംഗ് ഇല്ലാതാക്കുന്നതിനുവേണ്ടിയും അതിരപ്പിള്ളി പദ്ധതിയുടെ പരിസ്ഥിതി ക്ലിയറൻസിനുവേണ്ടിയും തടയണകളിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ജനറേറ്ററുകൾ വച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ശ്രമിക്കുന്നതാണ്.

## (2) <u>കടാശ്വാസ കമ്മീഷന്റെ കാലാവധി</u>

<u>ശ്രീമതി കെ. കെ. ലതിക</u>: 31.3.2014 -ന് കാലാവധി കഴിഞ്ഞതും കർഷകർ എടുത്തിട്ടുള്ളതുമായ മുഴുവൻ കടങ്ങളും കടാശ്വാസത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടുന്നതിനും നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u> ): കാർഷിക കടാശ്വാസ നിയമം നിലവിൽ വന്ന 18.01.2007 -നോ അതിനുമുമ്പോ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകളാണ് കടാശ്വാസ കമ്മീഷൻ പരിഗണിക്കുന്നത്. വാണിജ്യാവശ്യത്തിനെടുത്തിട്ടുള്ള വായ്പകൾ കമ്മീഷൻ

പരിഗണിക്കുന്നില്ല. 20. 02. 2009 - ലെ സർക്കാർ ഉത്തരവ് പ്രകാരം കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകാനുള്ള അവസാന തീയതി 31.05.2009 ആയിരുന്നെങ്കിലും തുടർച്ചയായി കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്ത വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജില്ലയിലെ 31.10.2011 വരെയുള്ള കടങ്ങൾ കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കമ്മീഷന്റെ കാലാവധി നീട്ടുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## സബ്മിഷൻ

### (1) ഇടുക്കി പാക്കേജ്

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലയുടെ കാർഷിക പ്രതിസന്ധി ലഘൂകരിക്കുന്നതിന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനും വിവിധ വകുപ്പുകൾ വഴി സമർപ്പിച്ച പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. സമഗ്ര കാർഷിക വികസനം നടപ്പിലാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനും അവിടത്തെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിക്കുന്നതിനുമാവശ്യമായ നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2008 നവംബർ 20-ന് കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകിയ ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നും അറിയിച്ചതിനെത്തുടർന്ന് പദ്ധതിയുടെ കാലാവധി രണ്ട് വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികളിന്മേലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് യാതൊരുവിധത്തിലുമുള്ള തടസ്സവുമുണ്ടാകില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആർ. കെ. വി. വൈ പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണെന്ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് 751.28 കോടി രൂപയുടെ ഡി.പി.ആർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും 481 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിക്കുകയും ചെയ്തു. അതിൽ 260 കോടി രൂപ റിലീസ് ചെയ്തു. ബാക്കി തുക യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതനുസരിച്ച് റിലീസ് ചെയ്യുന്നതാണ്. ഇതിനോടകം അംഗീകാരം ലഭിച്ച പദ്ധതികൾക്കെല്ലാം

റിക്വയർമെൻറ് അനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിക്കുന്നതാണ്. ഇടുക്കി പാക്കേജിന്റെ പ്രയോജനം പൂർണ്ണമായി ലഭ്യമാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതോടൊപ്പം അവിടത്തെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിക്കുന്നതുമാണ്.

## (2) പോസ്റ്റ്മോർട്ടം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർക്കാർ തീരുമാനവും ആധുനിക സാങ്കേതിക വിദ്യയും ഉണ്ടായിട്ടും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് സർക്കാർ ആശുപത്രികളിൽ 24 മണിക്കൂർ പോസ്റ്റുമോർട്ടം നീട്ടിക്കൊണ്ടുപോകുന്നതിനെ തിരെയും മോർച്ചറികളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ക്യാബിനറ്റ് തീരുമാനപ്രകാരം ആദ്യഘട്ടത്തിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും തുടർന്ന് ജില്ലാ ആശുപത്രികളിലും രാത്രികാലങ്ങളിൽ പോസ്റ്റുമോർട്ടം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായ നടപടിക്രമത്തിന്റെ

ഭാഗമായി പോസ്റ്റുമോർട്ടം നടത്തുമ്പോൾ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും കഴിവുള്ള ഉദ്യോഗസ്ഥരെയും നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 23-02-2013-ലെ ഉത്തരവ് പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (3) സിവിൽ സർവ്വീസ് അക്കാഡമി സബ് സെന്റർ

ശ്രീ. റ്റി. വി. രാജേഷ്: കണ്ണൂർ കല്ല്യാശ്ശേരിയിലുള്ള സെന്റർ ഫോർ എക്സലൻസിൽ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2005-ൽ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ച സിവിൽ സർവ്വീസ് അക്കാഡമിയുടെ സേവനം സമർത്ഥരായ യുവാക്കൾ പ്രയോജനപ്പെടുത്തിയതിന്റെ ഫലമായി കേരളത്തിന് കേന്ദ്ര സർവ്വീസിലേയ്ക്കുള്ള സെലക്ഷനിൽ അനുകൂലമായ മാറ്റമുണ്ടായിട്ടുണ്ട്. തിരുവനന്തപുരം സെന്ററിന്റെ ശാഖകൾ കോഴിക്കോട്, പാലക്കാട് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ചെങ്ങന്നൂർ, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശിപാർശ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ

പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കുന്ന അവസരത്തിൽ കല്യാശ്ശേരിയിലെ സെന്റർ ഫോർ എക്സലൻസിന്റെ കാര്യം പരിഗണിക്കുന്നതാണ്. എം.എൽ.എ. മാർ താൽപ്പര്യം കാണിച്ച സ്ഥലങ്ങളിൽ മാത്രമാണ് ഈ കേന്ദ്രങ്ങൾ വന്നിട്ടുള്ളത്. സിവിൽ സർവ്വീസ് അക്കാഡമിക്ക് സാമ്പത്തിക പരിമിതികളുള്ളതുകൊണ്ട് ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്നത് എം.എൽ.എ.മാരാണ്. അക്കാഡമിയിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ കഴിവുള്ള സമർത്ഥരായ അദ്ധ്യാപകരെ ആവശ്യമാണ്. സർവ്വീസിൽനിന്ന് പെൻഷനായ പലരും സിവിൽ സർവ്വീസ് അക്കാദമിയെ സഹായിക്കുന്നുണ്ട്. ഉത്തര മലബാറിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്ന കാര്യം വളരെയധികം പോസിറ്റീവായിത്തന്നെ ആലോചിക്കുന്നതാണ്.

## (4) സർക്കാർ ഭൂമി കിൻഫ്രയെ ഏൽപ്പിക്കൽ

<u>ശ്രീ. പി. ടി. എ. റഹീം</u>: കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്വാളിയോർ റയോൺസിന് വ്യാവസായിക ആവശ്യത്തിനായി സർക്കാർ കൊടുത്ത സ്ഥലം കിൻഫ്രയെ ഏൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>): ഗവൺമെന്റ്, ഭൂമി എറ്റെടുത്തതിനെതിരെ മാവൂർ ഗ്വാളിയോർ

റയോൺസ് കോടതിയിൽപ്പോയ സാഹചര്യത്തിൽ കേസ് അനുകൂലമാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. ഗ്വാളിയോർ റയോൺസിന്റെ ബോംബെയിലുള്ള ഉദ്യോഗസ്ഥന്മാരുമായി നടത്തിയ രണ്ടുദിവസത്തെ ചർച്ചയിൽ പ്രസ്തുത ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഒന്നുകിൽ അവർ വ്യവസായം തുടങ്ങും അല്ലെങ്കിൽ അത് ഇൻഡസ്ട്രിയൽ പാർക്കായി രൂപാന്തരപ്പെടും. ഗവൺമെന്റ് ഇക്കാര്യത്തിൽ നിശ്ചയദാർഢ്യത്തോടുകൂടിത്തന്നെ മുന്നോട്ടുപോകും.

## (5) <u>നഴ്സിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യ</u>

<u>ശ്രീ. എം. എ. ബേബി</u>: തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് കോളേജിൽ വിദ്യാർത്ഥിനിയായിരുന്ന റോജി ജോയിയുടെ ആത്മഹത്യയെക്കുറിച്ച് സമയബന്ധിതമായും സത്യസന്ധമായും അന്വേഷിക്കുന്നതിനും ഈ കുടുംബത്തെ സഹായിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): 06.11.2014-ന് തിരുവനന്തപുരം കിംസ് ആശുപത്രിയിലെ രണ്ടാം വർഷ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനിയായ റോജി ജോയി ആശുപത്രിയുടെ പത്താം നിലയിൽ നിന്ന് താഴേയ്ക്കു ചാടി ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലിരിക്കേ അന്നേദിവസം 6 മണിയോടെ മരണപ്പെട്ടു. റോജി ജോയിയുടെ

പിതാവിന്റെ അനുജന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് മെഡിക്കൽ കോളേജ് പോലീസ് സബ് ഇൻസ്പെക്ടർ പ്രാഥമിക അന്വേഷണം നടത്തിവരവെ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവുപ്രകാരം മെഡിക്കൽ കോളേജ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം ഏറ്റെടുത്ത് 7.11.2014-ന് കിംസ് ആശുപത്രിയിൽവച്ച് ഇൻക്വസ്റ്റ് നടത്തി മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കി. പോസ്റ്റ്മോർട്ടം കഴിഞ്ഞ് മൃതദേഹം പുറത്തിറക്കിയപ്പോൾ റോജി ജോയിയുടെ മരണത്തിൽ ദുരൂഹതയുണ്ടെന്നാരോപിച്ച് നാട്ടുകാർ സംഘടിക്കുകയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ശ്രീ. പി. കെ. ശിവദാസനെക്കൊണ്ട് അന്നേ ദിവസംതന്നെ വീണ്ടും ഇൻക്വസ്റ്റ് നടത്തുകയും ചെയ്തു. മരണത്തിനുപിന്നിൽ ദുരൂഹതയുണ്ടെന്നുള്ള ആരോപണത്തെത്തുടർന്ന് 10.11.2014 മുതൽ കേസന്വേഷണം തിരുവനന്തപുരം സിറ്റി ക്രൈംബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറി. കിംസ് ആശുപത്രിയുടെ വനിതാ ഹോസ്റ്റലിൽ വച്ച് 5.11.2014-ന് റോജി ജോയി ജൂനിയർ വിദ്യാർത്ഥിനികളായ അഞ്ജു ബോസ്കോ, അച്ചു എബ്രഹാം, അഞ്ജു ജയൻ എന്നിവരെ നോക്കിപ്പേടിപ്പിക്കുകയും കളിയാക്കുകയുമൊക്കെ ചെയ്തു എന്നാരോപിച്ച് അഞ്ജു ബോസ്കോ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലിന് പരാതി നൽകുകയും പ്രിൻസിപ്പൽ റോജി ജോയിയെ 6.11.2014-ന്

ഉച്ചയ്ക്ക് 12 മണിയോടുകൂടി മുറിയിലേയ്ക്ക് വിളിപ്പിക്കുകയും പരാതിക്കാരിയുടെയും അദ്ധ്യാപകരുടെയും മുന്നിൽ വച്ച് പരാതിയെക്കുറിച്ച് ചോദിക്കുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. അഞ്ജുബോസ്കോയുടെയും റോജി ജോയിയുടെയും രക്ഷിതാക്കൾ ഹോസ്പിറ്റലിൽ വന്നതിനുശേഷം പരാതിയിന്മേൽ നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പൽ അറിയിച്ചതിനെത്തുടർന്ന് ആശുപത്രിയുടെ സൗത്ത് ബ്ലോക്കിൽ നിന്നും നോർത്ത് ബ്ലോക്കിലേയ്ക്കുപോയ റോജി ജോയി പത്താം നിലയിൽനിന്നും തുറന്നിട്ടിരുന്ന ജനാല വഴി പുറത്തേയ്ക്ക് ചാടുകയാണുണ്ടായതെന്ന് അന്വേഷണവേളയിൽ വെളിവായിട്ടുണ്ട്. റോജി ജോയിയുടെ പിതാവ് മകളുടെ മരണത്തിൽ ദുരൂഹതയുണ്ടെന്നുകാണിച്ച് ബഹു. പ്രതിപക്ഷ നേതാവിനും ആഭ്യന്തര വകുപ്പുമന്ത്രിക്കും സംസ്ഥാന വികലാംഗ കമ്മിഷനും നൽകിയ പരാതിയിന്മേൽ സിറ്റി ക്രൈംബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ വിശദമായി അന്വേഷണം നടത്തിവരികയാണ്. വളരെയധികം ദയനീയ അവസ്ഥയിൽ കഴിയുന്ന റോജി ജോയിയുടെ കുടുംബത്തെ സഹായിക്കുന്നതിനെക്കുറിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ഇക്കാര്യത്തിലുള്ള അന്വേഷണം സമയബന്ധിതമായിത്തന്നെ പൂർത്തിയാക്കും.

## (6) <u>കലാ-സാഹിത്യ-സാമൂഹ്യ പ്രവർത്തന മേഖലയിലെ ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: രാത്രി 10 മണിക്കുശേഷം മൈക്ക്

ഉപയോഗിക്കുന്നതിലുള്ള നിയന്ത്രണംമൂലം കലാ-സാഹിത്യ-സാമൂഹ്യ പ്രവർത്തന മേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരവും കേന്ദ്ര നിയമവുമനുസരിച്ചുമാണ് രാത്രികാലങ്ങളിലെ ഉച്ചഭാഷിണി ഉപയോഗം നിയന്ത്രിച്ചിരിക്കുന്നത്. പൊതുജനങ്ങളുടെ ബുദ്ധിമുട്ടൊഴിവാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന പ്രസ്തുത നിയന്ത്രണത്തിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

## (7) അദ്ധ്യാപക നിയമനം

ശ്രീ. ജോസഫ് വാഴക്കൻ: 2013-14-ൽ ആർ.എം.എസ്.എ. പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സംസ്ഥാനത്ത് മൂന്നു ഘട്ടങ്ങളിലായി 112 സ്കൂളുകൾ ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്തിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുന്ന അഞ്ച് അദ്ധ്യാപകർക്ക് പുറമേയുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റാണ് ചെലവ്

വഹിക്കേണ്ടത്. സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാകുന്നതോടെ ടീച്ചേഴ്സ് ബാങ്കിലുള്ള അദ്ധ്യാപകരെയും അധിക അദ്ധ്യാപകരെയും ഇത്തരം സ്കൂളുകളിൽ പുനർ വിന്യസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറ്റ് ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

### (8) മികച്ച നടിക്കുള്ള അവാർഡ് പുനർനാമകരണം ചെയ്യൽ

ശ്രീമതി ജമീല പ്രകാശം: സംസ്ഥാന സർക്കാരിന്റെ മികച്ച ചലച്ചിത്ര നടിക്കുള്ള അവാർഡ് മലയാള സിനിമയുടെ ആദ്യ നായിക പി.കെ. റോസിയുടെ പേരിൽ നൽകുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മികച്ച ചലച്ചിത്ര നടിക്കുള്ള സംസ്ഥാന സർക്കാർ അവാർഡ് പി. കെ. റോസിയുടെ പേരിൽ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ചലച്ചിത്ര അക്കാഡമിയുമായി ചർച്ച നടത്തി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

### (9) സർക്കാർ സേവന ബോർഡുകൾ സ്ഥാപിക്കൽ

ശ്രീ. ലൂഡി ലൂയിസ്: സർക്കാർ സേവനങ്ങളെക്കുറിച്ചും സർക്കാർ ആനുകൂല്യങ്ങൾക്കുള്ള പുതുക്കിയ മാനദണ്ഡങ്ങളെക്കുറിച്ചും വിശദമാക്കുന്ന ബോർഡുകൾ റവന്യൂ ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): റവന്യൂ വകുപ്പിലും സർവ്വേയും ഭൂരേഖയും വകുപ്പിലും സേവനാവകാശങ്ങൾ സംബന്ധിച്ച വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ നോട്ടീസ് ബോർഡുകൾ പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന വിധത്തിൽ പ്രദർശിപ്പിക്കുന്നതിനും സേവനാവകാശ നിയമം കർശനമായി പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) ഷാപ്പുകൾ അടപ്പിക്കുന്ന നടപടി

ശ്രീ. കെ. കെ. നാരായണൻ: കള്ളിൽ സ്റ്റാർച്ചുണ്ടെന്ന കാരണം പറഞ്ഞ് കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകൾ അടച്ചുപൂട്ടുന്ന നടപടി അവസാനിപ്പിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രകൃതിദത്തമായ കള്ളിൽ സ്റ്റാർച്ചിന്റെ അംശമുണ്ടാകില്ല എന്ന ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാർച്ചിനെ ഒരു അന്യപദാർത്ഥമായി സർക്കാർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കള്ളിൽ സ്റ്റാർച്ചിന്റെ അംശം കണ്ടെത്തിയതിനെ തുടർന്നാണ് കള്ളുഷാപ്പുകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി നിലവിലുള്ള നിയമപ്രകാരം സ്വീകരിച്ചത്.

## (11) ബ്രാഞ്ച് കനാലിന്റെ പുനർനിർമ്മാണം

ശ്രീ. എ. കെ. ബാലൻ: കനത്ത മഴയിൽ തകർന്ന മലമ്പുഴ മെയിൻ ഇടതു

ബ്രാഞ്ച് കനാൽ അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കഴിഞ്ഞ കാലവർഷത്തിൽ തകർന്ന മലമ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിന്റെ പല ഭാഗത്തും അടിയന്തര പ്രവൃത്തികൾ നടത്തി താൽക്കാലികമായി ജലവിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. തകർന്ന ഭാഗങ്ങൾ ശാശ്വതമായി പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ എസ്റ്റിമേറ്റ് പരിശോധിച്ച് ഉടൻ അനുമതി നൽകുന്നതാണ്.

## (12) ആശാവർക്കേഴ്സിന്റെ ഓണറേറിയം

ശ്രീ. എളമരം കരീം: എൻ.ആർ.എച്ച്.എം.-ന്റെ കീഴിലുള്ള ആശാവർക്കർമാരുടെ ഓണറേറിയം അടിയന്തരമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആശാവർക്കർമാരുടെ ഓണറേററിയം ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതിനും ഫെസ്റ്റിവൽ അലവൻസ് വർഷംതോറും നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ആശാവർക്കർമാർക്ക് നിലവിൽ നൽകിവരുന്ന ഓണറേറിയം ആനുപാതികമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## (13) ശബരിമലയിൽ അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാരിൽ

## നിന്നും ഫീസ് ഈടാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ: ശബരിമലയിൽ അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാരിൽ നിന്നും കനത്ത ഫീസ് ഈടാക്കുന്ന ദേവസ്വം ബോർഡിന്റെ നടപടി നിർത്തലാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ശബരിമല അന്നദാനത്തിന്റെ പേരിൽ അന്യസംസ്ഥാനങ്ങളിലെ നിരവധി ട്രസ്റ്റുകളും വ്യക്തികളും നേരിട്ടും ഇന്റർനെറ്റിലൂടെയും പരസ്യങ്ങൾ നൽകി പണപ്പിരിവ് നടത്തുന്നതായും അത്തരത്തിൽ സമാഹരിക്കുന്ന തുകയിൽ കുറച്ചുമാത്രം അന്നദാനത്തിന് വിനിയോഗിക്കുകയും ബാക്കി തുക ദുരുപയോഗം ചെയ്യുന്നതായും ദേവസ്വം ബോർഡ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും അന്നദാനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഫീസ് ഈടാക്കുന്നത്. ഇപ്രകാരം ഈടാക്കുന്ന തുക ദേവസ്വം ബോർഡിന്റെ ശബരിമല അന്നദാന ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം അനുസരിച്ച് ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടാൻ സർക്കാരിന് അവകാശമില്ലാത്തതിനാൽ ഈ പ്രശ്നത്തിൽ ഇടപെടാൻ കഴിയുകയില്ല.

## (14) ക്യാൻസർ സെന്റർ നിർമ്മാണം

ശ്രീ. അൻവർ സാദത്ത്: എറണാകുളം ജില്ലയിൽ തറക്കല്ലിട്ട ക്യാൻസർ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം കൂടിവരുന്നത് പരിഗണിച്ച് മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.-കൾ ആരംഭിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. തിരുവനന്തപുരം ആർ.സി.സി.-യിൽ 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും മലബാർ ക്യാൻസർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. നവംബർ മാസം ഒന്നാം തീയതി ക്യാൻസർ ചികിത്സ സൗജന്യമായി നൽകുന്ന 'സുകൃതം' പദ്ധതി ആരംഭിക്കുകയും ആദ്യഘട്ടം എന്ന നിലയിൽ കേരളത്തിലെ എട്ട് ആശുപത്രികളിൽ സൗജന്യ ക്യാൻസർ ചികിത്സ നൽകുകയും ചെയ്തുവരുന്നുണ്ട്. എറണാകുളം ക്യാൻസർ സെന്ററിന്റെ നിർമ്മാണത്തിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ഹോസ്പിറ്റൽസ് സർവ്വീസ് കൺസൾട്ടന്റ്സ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനവുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. 18-11-2011-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഈ പദ്ധതിക്ക്

വാർഷികാടിസ്ഥാനത്തിൽ തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻ തുടർ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## (15) 4.12.2014-ൽ ശ്രീ. വി. ശശി, എം.എൽ.എ ഉന്നയിച്ച സബ്മിഷനുള്ള വിശദീകരണം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മോഷണക്കുറ്റവുമായി ബന്ധപ്പെട്ട് കഠിനംകുളത്തുനിന്നും പട്ടികജാതിക്കാരനായ ഒരു യുവാവിനെ പോലീസ് മർദ്ദിച്ചുവെന്നുള്ള ശ്രീ. വി. ശശി, എം.എൽ.എ.-യുടെ പരാതി സംബന്ധിച്ച് ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ എസ്.ഐ. രാജേന്ദ്രൻ നായരെ സസ്പെന്റ് ചെയ്യാനും കഴക്കൂട്ടം സി.ഐ.-യ്ക്കും എസ്.ഐ.-യ്ക്കുമെതിരെ തുടരന്വേഷണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പോലീസ് സ്റ്റേഷനുകളിൽ ഭരണഘടനയുടെ അന്ത:സത്തയ്ക്ക് അനുസൃതമായ പരിഗണന നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മർദ്ദനത്തിനിരയായ വ്യക്തിക്ക് പട്ടികജാതി വകുപ്പിൽ നിന്നും 50000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ചും 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം സംബന്ധിച്ചുമുള്ള സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**(1) 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പതിനെട്ട് ലക്ഷത്തോളം വരുന്ന പ്രവാസി മലയാളികളുടെ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നതിനും അവർക്ക് വോട്ടവകാശം നൽകുന്നതിനും വേണ്ടിയുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ

പാസ്സാകുന്നതോടുകൂടി കേന്ദ്ര-സംസ്ഥാന സർക്കാരുകളും പ്രാദേശിക ഭരണകൂടവും പ്രവാസികളുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തും. നാമമാത്രമായ തുകയാണ് ഇപ്പോൾ ഡി & ഒ ലൈസൻസ് ഫീസായി ഈടാക്കിക്കൊണ്ടിരിക്കുന്നത്. 2011-ലെ സർക്കാർ ഉത്തരവുപ്രകാരം തയ്യാറാക്കിയ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഈടാക്കിയിരുന്ന അശാസ്ത്രീയ ഫീസ് നിരക്കിനെതിരെ വ്യാപാരികൾ പ്രതിഷേധിച്ചതിനെത്തുടർന്ന് 25-01-2011-ൽ ആദ്യം രണ്ട് വർഷത്തേയ്ക്കും തുടർന്ന് ആറ് മാസം വീതവും ചട്ടങ്ങൾ സ്റ്റേ ചെയ്തുവരികയാണ്. ഈ സാഹചര്യത്തിലാണ് ചട്ടങ്ങൾ പരിഷ്കരിക്കാൻ മുനിസിപ്പൽ ആക്ടിലെ 447, 448 വകുപ്പുകളിൽ ഭേദഗതി കൊണ്ടുവരുന്നത്. ഈ ഭേദഗതി പ്രകാരം ഡി & ഒ (Dangerous & Offensive Licence) ലൈസൻസ് എന്നത് ട്രേഡ് ലൈസൻസ് എന്നാക്കി മാറ്റുന്നതാണ്. സേവന മേഖലകൾക്കുകൂടി ലൈസൻസ് ഏർപ്പെടുത്തുന്നതാണ്. ഫാക്ടറികൾക്കും വിപണന കേന്ദ്രങ്ങൾക്കും വെവ്വേറെ ഫീസ് ഈടാക്കാനും വ്യാപാര സ്ഥാപനങ്ങളെ നാല് കാറ്റഗറികളായി തിരിച്ച് ലൈസൻസ് ഏർപ്പെടുത്താനും പുതിയ ചട്ടങ്ങൾ വിഭാവന ചെയ്യുന്നുണ്ട്. ബഹുനില കെട്ടിടങ്ങളിലെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾക്ക്

പ്രത്യേക ഫീസും ലൈസൻസും ഏർപ്പെടുത്തുന്നതാണ്. പച്ചക്കറി, പലചരക്ക് തുടങ്ങിയവ വില്പന നടത്തുന്ന കടകൾക്ക് സഞ്ചിത ട്രേഡ് ലൈസൻസും സ്റ്റുഡിയോ, പ്രസ്, വേയിംഗ് ബ്രിഡ്ജ് തുടങ്ങിയവയ്ക്ക് ജോബ് സർവ്വീസ് ലൈസൻസും നൽകുന്നതാണ്. പെട്ടിക്കടകളുൾപ്പെടെ 8 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കടകൾക്ക് കുറഞ്ഞ നിരക്കിലുള്ള ഫീസ് ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. പുതിയ മാനദണ്ഡപ്രകാരം നിലവിലുള്ളതിനെക്കാൾ മൂന്നിരട്ടി സ്ഥാപനങ്ങളും ഓഫീസുകളും ലൈസൻസ് ഫീസ് ഈടാക്കുന്നവയുടെ ഗണത്തിൽ വരുന്നതോടൊപ്പം നഗരങ്ങളിലെ സ്ഥാപനങ്ങളെല്ലാം നഗരസഭയുടെ അറിവോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താനും നഗരസഭയുടെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനും സാധിക്കുന്നതാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: I move that- "This House resolves to disapprove the Kerala Municipality (Amendment) Ordinance, 2014 (Ordinance No. 27 of 2014)". ഈ ബില്ലിന്റെ ഉള്ളടക്കത്തോട് യോജിക്കുകയാണ്. മുനിസിപ്പൽ നഗരകാര്യ വകുപ്പിന്റെ ഭരണം കാര്യക്ഷമമാക്കണം. പ്രവാസി വോട്ടവകാശം സംബന്ധിച്ച ഭേദഗതി

സന്ദർഭോചിതമാണ്. അധികാര വികേന്ദ്രീകരണത്തെയും വികേന്ദ്രീകൃത ആസൂത്രണത്തെയും ത്രിതല പഞ്ചായത്ത് സംവിധാനത്തെയും തകിടം മറിക്കുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ വികസന സമിതികളെയും കൗൺസിലുകളെയും അപ്രസക്തമാക്കുന്ന നിർദ്ദേശങ്ങളാണ് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ ഭാഗമായി വന്നിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യ പ്രക്രിയയെയും വികസനത്തെയും ശക്തിപ്പെടുത്താനുതകുന്ന നടപടികളൊന്നും ഉണ്ടാകുന്നില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയ ഐ.കെ.എം.-ന്റെ പ്രവർത്തനം കാര്യക്ഷമമല്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുന്ന തുകയ്ക്ക് സീലിംഗ് നിശ്ചയിച്ചിരിക്കുന്നതും സ്പിൽ ഓവർ തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. അധികാര വികേന്ദ്രീകരണത്തെ തകർക്കുന്ന നിലപാടാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. കെ. രാജു: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. പ്രവാസികൾക്ക് വോട്ടവകാശം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ ബില്ലിലെ ഭേദഗതിയെ

സംബന്ധിച്ചാണ് ഈ ബില്ലിൽ പരാമർശിച്ചിരിക്കുന്നത്. പ്രവാസികളുടെ ക്ഷേമപദ്ധതിയടക്കമുള്ള കാര്യങ്ങളെപ്പറ്റി യാതൊരു നിർദ്ദേശവും ബില്ലിൽ പരാമർശിക്കുന്നില്ല. 1950-ലെ ജനപ്രാതിനിധ്യ നിയമപ്രകാരം പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നുണ്ടെങ്കിലും അതെങ്ങനെ വിനിയോഗിക്കാമെന്നതു സംബന്ധിച്ച് ബില്ലിൽ നിർദ്ദേശിച്ചിട്ടില്ല. പ്രവാസികൾക്ക് എംബസിയുടെ ആഭിമുഖ്യത്തിൽ വ്യത്യസ്ത മേഖലകളിൽ ബൂത്തുകൾ സ്ഥാപിച്ചോ ഓൺലൈനായോ വോട്ട് ചെയ്യുന്നതിനെക്കുറിച്ച് വിദഗ്ദ്ധരുമായി ചർച്ച ചെയ്യാൻ കേന്ദ്രസർക്കാർ തയ്യാറാകണം. പ്രവാസികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ വീഴ്ച പരിഹരിക്കുന്നതിനും ഇവരുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും സർക്കാർ തയ്യാറാകണം. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്ന ഭേദഗതിയാണ് 448- ാം വകുപ്പിലൂടെ സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാധികാരം നഷ്ടപ്പെടുത്തുന്ന സമീപമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ പഞ്ചായത്തുകൾ പദ്ധതി പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്നതുമൂലം ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഗൗരവമായി കാണണം. പ്രവാസി ക്ഷേമവുമായി

ബന്ധപ്പെട്ട മറ്റുകാര്യങ്ങളിലും അടിയന്തര ശ്രദ്ധ പതിക്കണം.

ശ്രീ. വി. റ്റി. ബൽറാം: 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രവാസി മലയാളികളെ ജനാധിപത്യത്തിൽ പങ്കാളികളാക്കുന്ന സർക്കാരിന്റെ ദൗത്യത്തെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സ്വാഗതം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. പ്രോക്സി വോട്ടിംഗിലേയ്ക്ക് പോകാതെ ഓൺലൈൻ വോട്ടിംഗ് അടക്കമുള്ള ആധുനിക ശാസ്ത്ര-സാങ്കേതിക സംവിധാനങ്ങളെ ഉപയോഗപ്പെടുത്തി പ്രവാസി ഇന്ത്യക്കാരെ ജനാധിപത്യ പ്രക്രിയയുടെ ഭാഗമാക്കാനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിക്കണം. പ്രവാസി ക്ഷേമത്തിനുവേണ്ടി സർക്കാർ നടപ്പിലാക്കിയ വിവിധ ക്ഷേമപ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ജനങ്ങൾക്ക് ഒരുതരത്തിലും അപകടം ചെയ്യാത്തതും പരിസ്ഥിതി-സാമൂഹ്യ-ജന സൗഹൃദപരമായി നടത്തുന്നതുമായ ബിസിനസ്സുകൾക്ക് നൽകുന്ന ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസിനെ ട്രേഡ് ലൈസൻസ് എന്നാക്കി മാറ്റുന്ന ഭേദഗതി സ്വാഗതാർഹമാണ്. സ്വയംഭരണ സ്ഥാപനമെന്ന പദവിക്കനുസൃതമായി

മുന്നോട്ടുപോകാൻ കഴിയുന്നവിധത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളെ സാമ്പത്തിക മായി ശക്തിപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതോടൊപ്പം ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കാനും നടപടിയുണ്ടാകണം. മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം സേവനങ്ങൾ നൽകുന്നതിനായി ഉപയോഗിക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തുന്ന വ്യവസ്ഥ ഗുണപരമാണ്. തൊഴിൽ നികുതിയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. സാധാരണക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന വിധത്തിലുള്ള വ്യവസ്ഥകൾ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തണം. സ്ഥാപനങ്ങളുടെ വലിപ്പത്തിന്റേയും ടേൺ ഓവറിന്റെയും അടിസ്ഥാനത്തിൽ ക്ലാസിഫിക്കേഷൻ നടത്താനുള്ള സാധ്യതയെക്കുറിച്ച് ആരായണം. ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ വൻ സ്ഥാപനങ്ങളുടെമേൽ നികുതി ചുമത്താനുള്ള സ്വാതന്ത്ര്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ശാസ്ത്രീയമായ വിധത്തിൽ മാലിന്യം സംസ്കരിക്കാനുള്ള

നടപടിയുണ്ടാകണം. ധനസഹായ തുക വർദ്ധിപ്പിച്ച് എല്ലാ മുനിസിപ്പാലിറ്റികളിലും ജനസംഖ്യാനുപാതത്തിൽ പൊതുശ്മശാനം നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ശാസ്ത്രീയമായ അടിത്തറയോ ആസൂത്രണമോ ഇല്ലാതെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളെക്കുറിച്ച് പഠിക്കാനും അവ പുനർവിചിന്തനത്തിന് വിധേയമാക്കാനും നടപടിയുണ്ടാകണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രവാസികൾക്ക് വോട്ടവകാശം ലഭ്യമാകുന്നവിധം വോട്ടർപട്ടികയിൽ സമ്മതിദായകരായി രജിസ്റ്റർ ചെയ്യപ്പെടാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ സഹായത്തോടുകൂടി പ്രവാസികൾക്ക് വോട്ടവകാശം രേഖപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സംസ്ഥാനം മുൻകയ്യെടുക്കണം. ഒരു പ്രവാസി വോട്ടറുടെ മുമ്പിൽ സ്ഥാനാർത്ഥിയെ അവതരിപ്പിക്കുന്നതിനുള്ള സംവിധാനം ആ രാജ്യത്ത് നിലനിൽക്കുന്ന നിയമത്തിന് വിധേയമായി ഒരുക്കാൻ ശ്രമിക്കണം. പ്രവാസികളുടെ പണം രാജ്യത്തിന്റെ വികസനത്തിനായി കരുതലോടുകൂടി

ഉപയോഗിക്കുകയും അവരെ ചൂഷണത്തിൽനിന്നും രക്ഷിക്കുകയും പ്രവാസികളുടെ പൊതുവായ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ കൊടുക്കുകയും ചെയ്യണം. ഈ നിയമ ഭേദഗതിയിലൂടെ വിദേശികൾക്കും കോർപ്പറേറ്റുകൾക്കുമായി വ്യാപാര സ്ഥാപനങ്ങൾ തുറന്ന് കൊടുക്കാനുള്ള തീരുമാനം ജനങ്ങളെ ദോഷകരമായി ബാധിക്കും. മാലിന്യ സംസ്കരണത്തിനായി മുനിസിപ്പാലിറ്റികൾക്ക് നൽകിയ പണം ടെക്നോളജിയുടെ അഭാവംമൂലം ചെലവഴിക്കാൻ സാധിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിപാലനത്തിനുവേണ്ടി സമഗ്രമായ ഒരു പ്ലാൻ കൊണ്ടുവരണം. നഗര-ഗ്രാമ വ്യത്യാസങ്ങൾ കണക്കിലെടുത്തുകൊണ്ട് വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസും ടാക്സും വർദ്ധിപ്പിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 100 വർഷം പഴക്കമുള്ള നഗരാസൂത്രണ നിയമങ്ങളാണ് നിലവിലുള്ളത്. ഭരണഘടനാ ഭേദഗതിയിലൂടെ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ടിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല. മാർച്ച് 31 ന് ശേഷം മാത്രമേ ഇ - ടെണ്ടർ സ്വീകരിക്കാവൂ എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. തെരുവുവിളക്കുകളുടെ പരിപാലനത്തിനായി നഗര ജ്യോതി എന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും പ്രസ്തുത പദ്ധതി പ്രകാരം 65 നഗരസഭകളിലും എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതുമാണ്.

പ്രവാസികളുടെ വോട്ടവകാശം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നത് സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തുന്നതാണ്. ഇൻകം ജനറേറ്റ് ചെയ്യുന്ന ഓഫീസുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ട്രേഡ് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരും. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിയുടെ പരിഗണനയ്ക്ക് അയച്ചു.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാലാ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ):സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാലാ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. പി. മോഹനൻ: കാർഷിക സർവ്വകലാശാലായിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ പ്രായം 55-ൽ നിന്നും 56 ആക്കുന്നതിന് വേണ്ടിയുള്ള ഭേദഗതിയാണ്.

ശ്രീ. ജെയിംസ് മാത്യു: വിയോജിപ്പ് രേഖപ്പെടുത്തുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാനുള്ള സംവിധാനമില്ലാത്ത കാർഷിക സർവ്വകലാശാലയിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന നടപടിയോട് യോജിക്കാൻ കഴിയില്ല. കേരള കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ പ്രായപരിധി ഉയർത്തുന്നതിനേക്കാൾ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം. കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലെ കാർഷിക സർവ്വകലാശാല ക്യാമ്പസുകളിൽ ജീവനക്കാരുടെയും

ശാസ്ത്രജ്ഞൻമാരുടെയും അപര്യാപ്തത നിലനിൽക്കുകയാണ്. കാസർഗോഡ് ജില്ലയെ ജൈവകാർഷിക ജില്ലയായി പ്രഖ്യാപിക്കുന്നതിനുമുമ്പ് ജൈവകൃഷിക്കടിസ്ഥാനമായ വളവും കീടനാശിനിയും ഉൽപ്പാദിപ്പിക്കുന്നതിനെപ്പറ്റിയോ ഉപയോഗിക്കുന്നതിനെപ്പറ്റിയോ ശാസ്ത്രീയമായി യാതൊരു പഠനവും നടത്തിയിട്ടില്ല. ജൈവ കൃഷി നടത്തി ഉൽപ്പാദനത്തിൽ കുറവുവരുന്ന സാഹചര്യത്തിൽ കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താൻ കൃഷി വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കാർഷിക സർവ്വകലാശാലയോടൊപ്പംതന്നെ കൃഷിയെ വേർതിരിച്ചുകൊണ്ടുള്ള ഒരു ഹോർട്ടികൾച്ചർ യൂണിവേഴ്സിറ്റി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1972-ൽ കാർഷിക സർവ്വകലാശാല രൂപംകൊണ്ടതിനുശേഷം കേരളത്തിന്റെ കാർഷിക മേഖലയിൽ പ്രത്യേകമായൊരു സ്ഥാനം നേടിയെടുക്കാനും വിവിധതരം കൃഷി രീതികളും 251-ഓളം വിത്തിനങ്ങളും രൂപപ്പെടുത്തിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്. പരിമിതികളും പരാതികളുമുണ്ടെങ്കിൽപോലും തുടർച്ചയായി ആറുവർഷം ഇന്ത്യയിലെ

മികച്ച കാർഷിക സർവ്വകലാശാലയായി മാറാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് കഴിഞ്ഞുവെന്നത് ഒരു യാഥാർത്ഥ്യമാണ്. കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള സർവ്വകലാശാലകളുടെ പരീക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലാബ് ടു ലാന്റ് എന്ന ആശയം പ്രാവർത്തികമാക്കാനും ഗവേഷണ പ്രവർത്തനങ്ങൾ സാധാരണ കാർഷകരിൽ എത്തിക്കുന്നതിനും കൃഷി വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണം. കാർഷിക സർവ്വകലാശാലയിലെ ടെക്നോളജി അഡ്വൈസറി കമ്മിറ്റി കൃത്യമായി മാസംതോറും കൂടുന്നതിനും എല്ലാ ജില്ലകളിലും സീഡ് വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. തൃശ്ശൂരിലെയും വെള്ളായണിയിലെയും കാർഷിക കോളേജുകളിൽ ബയോടെക്നോളജിയുമായി ബന്ധപ്പെട്ട സാങ്കേതിക പഠനകേന്ദ്രം ആരംഭിക്കുന്നതിനും കോട്ടയത്തെ കുമരകത്ത് സമുദ്രനിരപ്പിന് താഴെയുള്ള കൃഷി വികസനത്തിനായുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ തൊഴിലധിഷ്ഠിത കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കാനും കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായുള്ള പുതിയ വിത്തുൽപ്പാദന രീതികൾ വളർത്തിയെടുക്കാനുമുള്ള ശ്രമമുണ്ടാകണം.

ശ്രീമതി പി. അയിഷാ പോറ്റി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിലുപരി അവരുടെ പ്രവർത്തനംകൊണ്ട് കാർഷിക മേഖലയിലെ കൃഷിക്കാർക്ക് എന്തുമാത്രം ഗുണം ലഭിക്കുന്നുവെന്നുള്ളത് പരിശോധിക്കണം. നല്ല വിത്തിനങ്ങൾ ഉല്പാദിപ്പിക്കുന്നതിനോ ഫലപ്രദമായ ഗവേഷണങ്ങൾ നടത്തി കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനോ ഉള്ള പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. നാടിന്റെയും കർഷകരുടെയും നന്മയ്ക്കായി കൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള കാര്യങ്ങൾ കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ വഴിയും കാർഷിക സർവ്വകലാശാല വഴിയും ചെയ്യാൻ സാധിക്കണം. കൃഷി ആഫീസുകൾ വഴി നല്ലയിനം പുതിയ വിത്തുകൾ നൽകുന്നതിനുപകരം അന്തക വിത്തുകളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറിയിലുള്ള വിഷാംശം കാരണം ഓരോ വർഷവും ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കൃഷി വിജ്ഞാന കേന്ദ്രങ്ങളെ ഫലപ്രദമാക്കിക്കൊണ്ടും സാമൂഹിക പ്രതിബദ്ധതയുള്ള ആൾക്കാരെ നിയമിച്ചും കമ്മിറ്റികൾ കൂടിയും താഴെത്തട്ടിൽ എത്തേണ്ട കാര്യങ്ങൾ എത്തിച്ചും വിഷരഹിതമായ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ച് കേരളത്തെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഇൻഡ്യയിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന കേരള കാർഷിക സർവ്വകലാശാല ഗവേഷണങ്ങൾ നടത്തി നല്ല വിത്തുകളും തൈകളും ഉത്പ്പാദിപ്പിച്ച് അതിന്റെ ഗുണം കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. അന്തക വിത്തുകൾ വ്യാപാരത്തിനായി കൊണ്ടുവരുന്നത് തടയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗവേഷണങ്ങൾ എത്രമാത്രം മുന്തിയതാണെന്നുള്ളതിനുള്ള ഉത്തമോദാഹരണമാണ് കാർഷിക സർവ്വകലാശാലയിൽ ഉത്പ്പാദിപ്പിച്ച 'നീര'. സർവ്വകലാശാലകളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ടൗൺ വിട്ട് ജോലി ചെയ്യുന്നതിനുള്ള ജീവനക്കാരുടെ വിമുഖത സർക്കാർ ഗൗരവത്തോടുകൂടി കാണുന്നതാണ്. കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ചതിനുശേഷം അവിടത്തെ മണ്ണ് പരിശോധന നടത്തുകയും അവിടെ എന്തൊക്കെ ജൈവ ഇൻപുട്ട്സ് വേണമെന്നതുസംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിൽ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൂടുതൽ കോളേജുകൾ തുടങ്ങാനുള്ള ആലോചന നടന്നുവരികയാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

ഭേദഗതികൾ ഇല്ല.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ഭേദഗതി അവതരിപ്പിച്ചില്ല.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

112, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അറിയിപ്പ്

### 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: നാളത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബില്ലിൽ 117 വകുപ്പുകളുള്ളതിനാൽ ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് മറ്റൊരു ദിവസംകൂടി അനുവദിക്കണമെന്ന ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിപ്രായം കാര്യോപദേശക സമിതിയോഗം തീരുമാനിക്കുന്നതാണ്. ഈ ബില്ലിന് വകുപ്പുതിരിച്ചുള്ള ഭേദഗതികൾ നൽകുന്നതിന് അംഗങ്ങൾക്ക് 2014 ഡിസംബർ മാസം 12-ാം തീയതി 3 മണിവരെ സമയം അനുവദിക്കുന്നതാണ്.

സഭ ഉച്ചയ്ക്കുശേഷം 3.12-ന് പിരിഞ്ഞു.

*****